(ബി) ഭ്രമിക പദ്ധതി കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യക നീതി വകുപ്പുമായി സഹകരിച്ച് Standard Operating Procedures (SOP) തയ്യാറാക്കുകയും ഓരോ വകുപ്പുകളും ചെയ്യേണ്ട ഉത്തരവാദിത്വങ്ങളെക്കുറിച്ച് കൃത്യമായി പ്രതിപാദിക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ ജില്ലാ തലത്തിൽ ഡോക്ടർമാർക്കും നഴ്സുമാർക്കും പോലീസ്, അഭിഭാഷകർ, പത്രപ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, ആശാപ്രവർത്തകർ എന്നിവർക്കുള്ള പരിശീലനങ്ങളും നൽകിവരുന്നു. പദ്ധതിയെ സംബന്ധിച്ച വിവരം കൂടുതൽ പേരിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി ഓരോ ജില്ലയിലെയും പ്രധാന കേന്ദ്രങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുന്നതിനും തെരഞ്ഞെടുത്ത സ്കൂളുകളിൽ പദ്ധതിയെക്കുറിച്ചുള്ള വിശദാംശങ്ങൾ നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുവരുന്നു.

മനോരോഗികളുടെ സംരക്ഷണവും പുനരധിവാസവും

8(*218) ശ്രീ. സി. കൃഷ്ണൻ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :

ശ്രീ. പി. ടി. എ. റഹീം :

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'സമഗ്ര മാനസികാരോഗ്യം' പദ്ധതിയുടെ കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദീകരിക്കുമോ; രോഗം മാറിയവരുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്;

(ബി) നിലവിലുള്ള മാനസികാരോഗ്യ ആശുപത്രികളിലെ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും കുറവ് പരിഹരിയ്ക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) സംസ്ഥാനത്തെ സ്വകാര്യ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാനും നിയന്ത്രിക്കാനുമായി എന്തൊക്കെ സംവിധാനമാണുള്ളത്; ഇവയിൽ പലതും അശാസ്ത്രീയ രീതികൾ പിന്തുടരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് ഉണ്ടോ; ഇല്ലെങ്കിൽ അവയ്ക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെന്ന് അറിയിക്കാമോ;

(ഇ) ചികിത്സയും സംരക്ഷണവും ലഭിക്കാതെ അലഞ്ഞ് നടക്കുന്ന മനോരോഗികളുടെ കാര്യത്തിൽ നിലപാട് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) രോഗവിമുക്തിയും രോഗശമനവും ലഭിച്ച മനോരോഗികൾക്ക് വേണ്ടിയുള്ള ഡെ-കെയർ സെന്ററുകൾ ഓരോ ജില്ലയിലും രണ്ടെണ്ണം വീതം സ്ഥാപിക്കുക, സ്കിൽ മെന്റൽ ഹെൽത്ത് പ്രോഗ്രാം നടപ്പിലാക്കുക എന്നീ രണ്ടു പദ്ധതികളാണ് ഇതിന്റെ കീഴിൽ നടപ്പിലാക്കി വരുന്നത്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) 27-11-2012-ലെ സ.ഉ.(എംഎസ്.)നമ്പർ 396/2012/ആ.ക.വ. 6-4-2013-ലെ സ.ഉ (എംഎസ്.) നമ്പർ 130/2013/ആ.ക.വ. എന്നീ ഉത്തരവുകൾ പ്രകാരം 27 മെഡിക്കൽ ഓഫീസർമാരുടെയും 110 സ്റ്റാഫ് നഴ്സിന്റെയും, 17 നഴ്സിംഗ് അസിസ്റ്റന്റിന്റെയും, 35 ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2-ന്റെയും തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു.*

(ഡി) സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾക്കെല്ലാം ലൈസൻസ് ഇല്ല. ഇത്തരം സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് നൽകുന്നത് കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് അതോറിറ്റിയാണ്. 222 അപേക്ഷകളാണ് നാളിതുവരെ അതോറിറ്റിയിൽ ലഭിച്ചിട്ടുള്ളത്. ഇതിൽ 202 സ്ഥാപനങ്ങളിൽ ലൈസൻസ് നൽകുന്നതിനോടനുബന്ധിച്ചുള്ള പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 73 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് ലഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായിട്ടുള്ളത്. പരിശോധനയിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാത്ത സ്ഥാപനങ്ങൾക്കെതിരെ എടുത്തിട്ടുള്ള നടപടികളുടെ വിശദാംശം അനുബന്ധം -3 ആയി ചേർക്കുന്നു.*

(ഇ) തെരുവിൽ അലയുന്ന ഇത്തരം മനോരോഗികളിൽ ബഹുഭൂരിപക്ഷവും അടിയന്തര ചികിത്സ ആവശ്യമുള്ളവരും ഗുരുതരമായ മനോരോഗങ്ങൾക്കും പലതരം ശാരീരിക രോഗങ്ങൾക്കും അടിമപ്പെട്ടവരുമാണ്. മെന്റൽ ഹെൽത്ത് ആക്ടിന്റെ 23, 24 എന്നീ സെക്ഷനുകളിൽ ഇത്തരം ആളുകളുടെ പരിപാലനത്തിനെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു. ഇത്തരം രോഗികളെ ആ സ്ഥലത്തിന്റെ ചാർജ്ജുള്ള പോലീസ് ഓഫീസർ കസ്റ്റഡിയിൽ എടുക്കേണ്ടതും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും അടുത്തുള്ള മജിസ്ട്രേറ്റിന്റെ മുമ്പാകെ 24 മണിക്കൂറിനുള്ളിൽ ഹാജരാക്കേണ്ടതുമാണ്. ഇത്തരത്തിൽ ഹാജരാക്കുന്ന മനോരോഗികളെ, കാര്യങ്ങൾ മനസ്സിലാക്കുവാനുള്ള അവരുടെ ശേഷിയെ മജിസ്ട്രേറ്റ്തന്നെ നേരിട്ട് വിലയിരുത്തുകയോ ഒരു മെഡിക്കൽ ഓഫീസറെക്കൊണ്ട് പരിശോധിപ്പിക്കുകയോ ചെയ്യുന്നു. പ്രസ്തുത വ്യക്തി മനോരോഗിയാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തിയാൽ ആ രോഗിയെ ഒരു മാനസികാരോഗ്യ ചികിത്സാ കേന്ദ്രത്തിൽ അഡ്മിറ്റ് ചെയ്യുന്നതിന് മജിസ്ട്രേറ്റ് ഉത്തരവിടുകയും രോഗിയെ ഈ കേന്ദ്രത്തിൽ ചികിത്സയ്ക്ക് വിധേയനാക്കുകയും ചെയ്യുന്നു. രോഗിയുടെ ഏതെങ്കിലും ബന്ധുക്കളോ സുഹൃത്തുക്കളോ രോഗിക്ക് ശരിയായ ചികിത്സ നൽകിക്കൊള്ളാമെന്നും പരിചരിച്ചുകൊള്ളാമെന്നും രേഖാമൂലം ഉറപ്പു നൽകിയാൽ അവർക്കൊപ്പം രോഗിയെ വിട്ടയയ്ക്കുവാനുള്ള അധികാരവും മജിസ്ട്രേറ്റിനുണ്ട്.

പൊതു ടാപ്പുകളിൽ കൂടി ശുദ്ധജലം

9(*219) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ടാപ്പുകളിൽ കൂടി ശുദ്ധജലം ലഭ്യമാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) വാട്ടർ അതോറിറ്റിയുടെ ഏറിയ കൂറും പദ്ധതികളിൽ പൊതു ടാപ്പുകളിൽ കൂടിയുള്ള വിതരണം വിഭാവനം ചെയ്തിട്ടുണ്ട്. എന്നാൽ പൊതു ടാപ്പുകളിൽ മാത്രം വിതരണം നിജപ്പെടുത്തിയിട്ടുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

(ബി) നിലവിൽ വാട്ടർ കണക്ഷൻ വീടുകളിലേക്ക് എടുക്കാൻ കഴിയാത്ത സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ജനവിഭാഗങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുക എന്നതാണ് ഉദ്ദേശ്യലക്ഷ്യം.

GPM. 2/242/2020-7

LIBRARY ARCHIVES Kerala Legislative Assembly